പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5707

28.03.2018 ൽ
മറുപടിക്ക്

## സർക്കാർ ഓഫീസുകളിലെ സേവനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം. ഷാജി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. പി.കെ. ബഷീർ<br>ഡോ. എം.കെ. മുനീർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സർക്കാർ ഓഫീസുകളിലെ സേവനം മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | എ) പൊതുജനങ്ങളുടെ ദൈനംദിനാവശ്യങ്ങളുമായി കൂടുതൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പുകൾക്കും സ്ഥാപന ങ്ങൾക്കും പ്രാധാന്യം നൽകി വിവിധ മേഖലകളിൽ ആവശ്യമായ പരിഷ്കാര നിർദ്ദേശങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി ഘട്ടം ഘട്ടമായി സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം രൂപീകൃതമായ 4-ാ മത് ഭരണപരിഷ്കാര കമ്മിഷൻ തീരുമാനിച്ചിട്ടുണ്ട്. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തരത്തിൽ സംസ്ഥാനത്ത് പരിശീലന നയം രൂപീകരിച്ചിട്ടുണ്ട്. സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കുവാനും പൊതുസമൂഹത്തിന് അനുഗുണമാംവിധത്തിൽ ലളിതവും സുതാര്യവുമാക്കുവാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) സിവിൽ സർവ്വീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകൾ എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | (ബി) യും (സി) യും സിവിൽ സർവ്വീസ് അഴിമതിരഹിതവും കാര്യക്ഷമവുമാക്കുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകൾ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി പ്രാരംഭ ചർച്ച നടത്തുകയുണ്ടായി. |
| സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ